ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന ട്രേഡ് ഫെയറുകളിൽ ടൂറിസം വകുപ്പ് പങ്കെടുക്കുന്നുണ്ട്. കൂടാതെ ഇൻഡ്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുന്നുണ്ട്. ദേശീയതലത്തിൽ പ്രചാരത്തിലുള്ള വിവിധ ടൂറിസം മാഗസീനുകളിൽ പരസ്യം നൽകി പ്രചാരണം നടത്തുന്നുണ്ട്.

പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കാൻ നടപടി

20 (*500) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ;

(ബി) 30 മൈക്രോണിൽ കുറഞ്ഞ കനമുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള ഉത്തരവുകൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(സി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം മറ്റ് തരത്തിലുള്ള പേപ്പർ ബാഗുകൾ വ്യാപകമായി ഉപയോഗിക്കുന്നതിന് സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(ഡി) ഇത്തരം പേപ്പർ ബാഗുകൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന സ്വാശ്രയ സംഘങ്ങൾക്ക് സർക്കാർ എന്തൊക്കെ പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട് ;

(ഇ) പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിൽ പൂർണ്ണ വിജയം കൈവരിക്കാനാകാത്ത സാഹചര്യത്തിൽ എല്ലാത്തരം പ്ലാസ്റ്റിക് ബാഗുകളും നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) 30 മൈക്രോൺവരെ കട്ടിയുള്ള പ്ലാസ്റ്റിക് ബാഗുകളുടെ നിരോധനം 2007 സെപ്റ്റംബർ 1 മുതൽ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇത് കർശനമായി നടപ്പിലാക്കാനുള്ള സർക്കാർ ഉത്തരവ് ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി, പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ട 2007 സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ വിപുലമായ ബോധവൽക്കരണ ക്യാമ്പയിൻ, സർക്കാർ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നിരോധിച്ച ഉൽപന്നങ്ങൾ വിൽക്കുന്നതും ഉപയോഗിക്കുന്നതും നിരുൽസാഹപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തുന്നതിനുള്ള സെമിനാറുകൾ, എക്സിബിഷനുകൾ, ദൃശ്യ ശ്രവ്യ പത്ര മാധ്യമങ്ങളിലൂടെ ബൃഹത്തായ പ്രചാരണ പ്രവർത്തനം തുടങ്ങിയവ നടത്തുക യുണ്ടായി. ഇതിന്റെ ഫലമായി പ്ലാസ്റ്റിക് ക്യാരിബാഗിന്റെ ഉപയോഗം ഫലപ്രദമായി നിയന്ത്രിക്കാൻ ഒരു പരിധിവരെ കഴിഞ്ഞു. ഈ നിരോധനം കാര്യക്ഷമമാകണമെങ്കിൽ 50 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. അതനുസരിച്ച് 2008 മാർച്ചിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. നിരോധനം ലംഘിക്കുന്നവർക്ക് ശിക്ഷ നൽകുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കട പരിശോധന നടത്തുകയും നിരോധിച്ച പ്ലാസ്റ്റിക് സഞ്ചികൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

(ബി) 30 മൈക്രോണിന് താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചിട്ടുള്ള ഉത്തരവിൽ തന്നെ ഇത്തരം ബാഗുകൾ അതിർത്തികടന്ന് നമ്മുടെ സംസ്ഥാനത്ത് എത്തുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ തന്നെ ബാഗുകളുടെ കനം തിട്ടപ്പെടുത്തുന്ന മൈക്രോമീറ്ററുകൾ, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിനൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മൈക്രോമീറ്റർ വാങ്ങുന്നതിനും അനുമതി നൽകിയിരുന്നു. ഇതോടൊപ്പം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങളോടും കടകൾ പരിശോധിക്കാനും, ആവശ്യമുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നിരോധനം സംബന്ധിച്ച് നടപ്പിലാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് ഒരു മാർഗ്ഗരേഖയും പുറപ്പെടുവിച്ചി ട്ടുണ്ട്. 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് നിരോധിക്കുന്നതുമായി ബന്ധ പ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, പോലീസ് വകു പ്പിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ, ജില്ലാ കളക്ടർ, പോലീസ് വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട് എന്നിവർ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് നം.14495/ജി3/02/തസ്വഭവ. ഒക്ടോബർ 7-2003 തീയതി എന്ന സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ട്.

(സി) പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരമായി. ബദൽ ഉല്പന്നങ്ങൾ ഉപ യോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ബാഗുകൾക്ക് പകരമായി പേപ്പർ ബാഗുകളും തുണിബാഗുകളും പ്രചരിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടു ണ്ട്.

(ഡി) പേപ്പൽ ബാഗുകൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോൽസാഹനം നൽകുന്നിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾക്ക് സബ്സിഡിയും ബാങ്ക് ലോണും കുടുംബശ്രീ ഡയറക്ടറേറ്റ് വഴി നൽകിവരുന്നു. SJSRY, RME എന്നീ പദ്ധതികളാണ് ഇതിനായി ഉപയോഗപ്പെടുത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കട്ടികുറഞ്ഞ പ്ലാസ്റ്റിക് ബാഗുകളുടെ നിരോധനത്തിനാണ് നടപടി കൈക്കൊണ്ടിട്ടുള്ളത്. ദേശീയതലത്തിൽ 20 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് ബാഗുകൾക്കാണ് നിരോധനം ഉള്ളത്. എന്നാൽ സംസ്ഥാനത്ത് അത് 30 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. 50 മൈക്രോൺ വരെ കട്ടിയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കാൻ നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ തീരുമാനം ആകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്. എന്നാൽ പ്ലാസ്റ്റിക് ബാഗുകളുടെ പൂർണ്ണ നിരോധനത്തെക്കുറിച്ച് തീരുമാനം എടുത്തിട്ടില്ല.

കൃത്രിമപാര് ഉണ്ടാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

21 (*501) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃത്രിമപാര് ഉണ്ടാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; ഏതെല്ലാം തരത്തിലുള്ള മത്സ്യങ്ങളാണ് ഇതുമൂലം കൂടുതലായി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഈ പദ്ധതിക്കായി എന്ത് തുക ചെലവിട്ടെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്. കൃത്രിമപാര് ഉണ്ടാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 5 തീരദേശ പഞ്ചായത്തുകളിൽ അഡാക്ക് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ തീരദേശ പഞ്ചായത്തുകളായ അഞ്ചു തെങ്ങ്, കഠിനംകുളം, പൂവാർ, കുളത്തൂർ, കരിംകുളം എന്നിവിടങ്ങളിൽ 6 സ്ഥലങ്ങളിലായാണ് കൃത്രിമപ്പാരുകൾ നിക്ഷേപിച്ചത്. ത്രികോണാകൃതിയിലുള്ള 60 സ്റ്റീൽ മോഡ്യൂളുകൾ നിർമ്മിച്ച് ഓരോ സ്ഥലങ്ങളിലും നിക്ഷേപി

LIBRARY ARCHIVES Kerala Legislative Assembly